# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD 12/1523/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD 12/1523/22 തീയ്യതി: 08/07/2022

## പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2020 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| **ശശിഭൂഷൺ ഇ** | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എ ബി സുരേഷ് അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രമാദേവി കെ ആർ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കെ രാജൻ ഓഡിറ്റർ ട്രെയിനി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ ശ്രീധരൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 16-01-2021 |
| ശ്രീമതി.കെ.ജയലക്ഷ്മി | പ്രസിഡന്റ് | 17-01-2021 | 31-03-2021 |
| ശ്രീ.സി.കെ.ഹരിദാസൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കർണൻ എം ആർ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| വി രാമൻകുട്ടി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| പ്രഭ കെ | വി ഇ ഒ | 01-04-2020 | 31-03-2021 |
| പ്രസന്ന ടി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| നസീമ | ഐ സി ഡി എസി സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ഇബ്രാഹിം ഷിബിൽ | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഒ കുരിയച്ചൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 30-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 30-06-2022) | 1-10 |
| 12 | റെസിഡൻഷ്യൽ ഹോം സ്റ്റേകളുടെ നികുതി നിർണ്ണയിച്ചിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-11 |
| 13 | അംഗനവാടി പോഷകാഹാരം - ജി.എസ്.ടി. - ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-12 |
| 14 | വീട് വാസയോഗ്യമാക്കൽ- മതിയായ തുക അനുവദിച്ചിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-13 |
| 15 | ബ്ളോക്ക് പഞ്ചായത്തിലേക്ക് നല്കിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-14 |
| 16 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-15 |

| | | |
|---|---|---|
| | Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | |
| 17 | പഞ്ചായത്ത് വാഹനം - സർക്കാർ നിർദേശപ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-16 |
| 18 | ബിറ്റുമിൻ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: A B Suresh (Asst. Audit Officer, On 25-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-17 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | ബിറ്റുമിൻ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: A B Suresh (Asst. Audit Officer, On 25-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 01-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 01-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 01-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 01-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകൾ സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

29-02-2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ-1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 947132 |
| തൻവർഷം വരവ് | 156216572 |
| ആകെ വരവ് | 157163704 |
| ചെലവ് | 156182000 |
| നീക്കിയിരിപ്പ് | 981704 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 18-5-2021 | - | - |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1.Deposit Register ലെ തുകകളും (OBഒഴികെ) വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. MGNREGS ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ വരവ്-ചെലവ് സംക്ഷിപ്തം വാർഷിക കണക്കിലേതുമായി പൊരുത്തപ്പെടുന്നില്ല.

3.ലോൺ രജിസ്റ്ററിൽ ലോൺ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ മാത്രമാണ് ചേർത്തിരിക്കുന്നത്. ലോൺ വരവ് , തിരിച്ചടവ്, തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി, വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4.ബിൽഡിങ്ങ് പെർമിറ്റ് സംക്ഷിപ്തം, വാർഷിക കണക്കിലേതുമായി 200 രൂപ വ്യത്യാസം, തുകകൾ പൊരുത്തപ്പെടുന്നില്ല.

5. സംയുക്ത പ്രോജക്റ്റുകളുടെ വരവ് ചെലവ് കണക്കുകൾക്കായി പ്രത്യേക അപ്രോപ്രിയേഷൻ രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8884650 |
| വരവ് | 514086598 |
| ആകെ | 522971248 |
| ചെലവ് | 513774426 |
| നീക്കിയിരിപ്പ് | 9196822 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 6854702 | 6854702 | 6854702 | 0 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 7448999 | 7448999 | 7448999 | 0 |

| | | | | | |
|---|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 13442000 | 13442000 | 13442000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 8022718 | 8022718 | 7582615 | 440103 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 3630000 | 3630000 | 3178217 | 451783 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക-277400, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് 292549എന്നിവയുള്ള ചെലവ് തുകയായ 569949 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് – ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ 109863മേൽ പട്ടികയിലെ വികസന ഫണ്ട് – SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 348882 | 674426 | 1023308 | 546476 | 476832 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 478 | 663867 | 664345 | 658080 | 6265 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 29899054 | 29899054 | 29899054 | 0 |
| ആകെ | 478 | 30562921 | 30563399 | 30556834 | 6565 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 247838 | 0 | 247838 | 40125 | 1124219 |

സംസ്ഥാനാവിഷ്കാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് | 1900000 | 671500 | 2571500 | 2400000 | 171500 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 273 | 66622298 | 236 | 48589409 | -- | 37 | 72.93 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 86.44% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 72.93% തുക സംസ്ഥാനാവിഷ്കാവിഷ്കൃതംമാത്രമാണ് തൻവർഷം

ചെലവഴിച്ചിട്ടുള്ളത്.

1-5-2

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 5981058 | 2881744 | 48.18 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 2350000 | 1276589 | 54.32 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 1425025 | 921200 | 64.64 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| വി.ഇ.ഒ | 23 | 20 | 9435055 | 4687337 | 49.68 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 3055000 | 2725709 | 89.22 |
| സെക്രട്ടറി | 36 | 32 | 9096322 | 6762022 | 74.34 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 178 | 152 | 32019838 | 26977155 | 84.25 |
| എച്ച്.എം | 6 | 4 | 1210000 | 1107653 | 91.54 |
| ഡയറി ഫാം ഇൻട്രക്ടർ | 2 | 1 | 1450000 | 650000 | 44.83 |
| ആകെ | 273 | 236 | 66622298 | 48589409 | 72.93 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 478 | 663867 | 664345 | 658080 | 6265 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 29899054 | 29899054 | 29899054 | 0 |
| ആകെ | 478 | 30562921 | 30563399 | 30556834 | 6565 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി | 7528400 | 3015 |

| | | | |
|---|---|---|---|
| | പെൻഷൻ | | |
| 3 | വിധവാ പെൻഷൻ | 22230500 | 8095 |
| 4 | വാർദ്ധക്യകാല പെൻഷൻ | 32930000 | 12978 |
| 5 | വികലാംഗ പെൻഷൻ | 4392200 | 1705 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1028400 | 375 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-6-22ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2192രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ഭരണനിർവഹണ സംവിധാനം നല്ല രീതിയിൽ നടക്കുന്നുണ്ട്. രേഖകളും രജിസ്ററുകളുമെല്ലാം പൂർണമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11മുതൽ 2014-15 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ഫെബ്രുവരി 2022വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

## 1-11 റെസിഡൻഷ്യൽ ഹോം സ്റ്റേകളുടെ നികുതി നിർണ്ണയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന കെട്ടിട വിഭാഗത്തിന് കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയും നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഉചിതമായ നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി ഈ വിഭാഗത്തിന് പുതുക്കിയ നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന വിഭാഗം കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത്

ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/18.6.22) മറുപടിയായി അടുത്ത ഭരണസമിതി യോഗത്തിൽ നികുതി നിരക്ക് നിശ്ചയിക്കുന്നതിനായി നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

1-12 അംഗനവാടി പോഷകാഹാരം - ജി.എസ്.ടി. - ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല

(1)

| | |
|---|---|
| പ്രൊജക്ട് | 3/20-21 അനുപൂരക പോഷകാഹാരം (എസ്.സി.) |
| അടങ്കൽ | വികസന ഫണ്ട്(എസ്.സി.പി)-300000/-<br>കേന്ദ്ര ധനകാര്യ വിഹിതം-100000/-<br>ആകെ - 400000/- |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-300000/-<br>കേന്ദ്ര ധനകാര്യ വിഹിതം-100000/-<br>ആകെ - 400000/- |
| ബിൽ /ചെക്ക് നം/തിയതി | 4/15.7.20-44537/-<br>5/17.8.20-103996/-<br>9/29.9.20-151467/- |

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 207/20.7.20 | 80865 |
| 2 | 210/20.8.20 | 92870 |
| 3 | 212/22.9.20 | 81225 |
| 4 | 220/25.11.20 | 77985 |
| | ആകെ | 332945/- |

(2)

| | |
|---|---|
| പ്രൊജക്ട് | 2/20-21 അനുപൂരക പോഷകാഹാരം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ)-345000/-<br>കേന്ദ്ര ധനകാര്യ വിഹിതം-700000/-<br>ആകെ - 1045000/- |
| ചെലവ് | വികസന ഫണ്ട്(ജനറൽ)-345000/-<br>കേന്ദ്ര ധനകാര്യ വിഹിതം-446476/-<br>ആകെ - 791476/- |
| ബിൽ /ചെക്ക് നം/തിയതി | 2/15.7.20-318994/-<br>8/29.9.20- 26006/- |

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 195/13.4.20 | 80405 |
| 2 | 201/23.5.20 | 77790 |
| 3 | 204/22.6.20 | 90280 |
| 4 | 210/25.8.20 | 92870 |
| 5 | 222/22.12.20 | 82680 |

| | | |
|---|---|---|
| | ആകെ | 424025/- |

ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്റ്റ് പ്രകാരമുള്ള വാങ്ങലുകളിന്മേൽ പവിത്രം കുടുംബശ്രീ യൂണിറ്റ്, വിപണന തൊഴിൽ കേന്ദ്രം, കടമ്പഴിപ്പുറം (GSTIN-3ZAAPFP9320BIZG) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.4/18.6.22)സ്ഥാപനം ജി.എസ്.ടി. ഒടുക്കിയ രസീത് ഹാജരാക്കുന്നതിനാൽ വീണ്ടും ഇതിന്മേൽ ടി.ഡി.എസ്. ഈടാക്കേണ്ടതില്ല എന്നതിനാലാണ് ടി.ഡി.എസ്. ഈടാക്കാതിരുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

ഭാവിയിൽ ടി.ഡി.എസ്. ബാധകമാവുന്ന സാധനങ്ങൾ വാങ്ങുമ്പോൾ കരാറിന്റെ മൂല്യം 2.50 ലക്ഷത്തിന് മുകളിലാണെങ്കിൽ ബില്ലിൽ നിന്നും ജി.എസ്.ടി. -ടി.ഡി.എസ്. കുറവ് ചെയ്ത് സപ്ലൈർക്ക് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വീട് വാസയോഗ്യമാക്കൽ- മതിയായ തുക അനുവദിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | നം.139/2020-21വീട് വാസയോഗ്യമാക്കൽ (എസ്. സി) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | വികസന ഫണ്ട് (എസ്.സിപി)- 600000-<br>ആകെ-600000/- |
| ചെലവ് | വികസന ഫണ്ട് (എസ്.സിപി)- 600000-<br>ആകെ-500000/- |
| ബിൽ നം. | 58/12.3.21-200000/-<br>71/26.3.21-100000/-<br>44/16.2.21- 100000/- |

| | |
|---|---|
| | 48/20.2.21- 100000/- |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.6 പ്രകാരം വീട് പുനരുദ്ധാരണം ജനറൽ വിഭാഗത്തിന് പരാമവധി 1,00,000/- രൂപയും എസ് സി വിഭാഗത്തിന് 1,50,000/-രൂപയും എസ്.റ്റി.വിഭാഗത്തിന് 150000/- രൂപയും അനുവദിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിന് 50000/- രൂപ മാത്രമാണ് ഒരു ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഇതുമൂലം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ വീടുകൾ പൂർണ്ണമായും റിപ്പയർ ചെയ്യാൻ കഴിയാത്ത സ്ഥിതി ഉണ്ടാവുന്നു. അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനു പകരം കൂടുതൽ ഗുണഭോക്താക്കൾക്ക് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ഈ തുക നൽകുന്നതു വഴി എറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു. മതിയായ തുക വകയിരുത്താത്തതിനുള്ള കാരണം വിശദമാക്കാനാവാശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.4/18.6.22) നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല.

ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ പാലിച്ചുകൊണ്ട് മതിയായ തുക നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ബ്ളോക്ക് പഞ്ചായത്തിലേക്ക് നല്കിയ തുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തിൽ രണ്ട് പദ്ധതികൾക്കായി ബ്ളോക്ക് പഞ്ചായത്തിലേക്ക് തുക നല്കിയിട്ടുണ്ട്.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | 253/21-PMAY വിഹിതം നല്കൽ | 140000(വികസന ഫണ്ട് എസ് സി പി) | 140000 ബിൽ നം 2/16.4.2020 |
| 2 | 297/21-ശ്രീകൃഷ്ണപുരം ബ്ളോക്ക് ഗ്രാമന്യായാലയം ഗ്രാമപഞ്ചായത്ത് വിഹിതം | 190000(വികസന ഫണ്ട് ജനറൽ) | 190000 ബിൽ നം 30/24.8.2020 |

പദ്ധതികൾക്കായി നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (എൻക്വയറി 7/18.6.22)

## 1-15 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2020-21 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള വിവിധ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|---|
| 1. | 179/21-മലയരിക് രാജപ്പൻ തൊടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 50000(CFC ഗ്രാന്റ്) | 50000 ബിൽ നം 61/23.2.2021 | KWA PH ഡിവിഷൻ, ഷൊർണ്ണൂർ |
| 2 | 279/21-കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ | 2015000(CFC ഗ്രാന്റ്) | 2015000 ബിൽ നം 66/26.2.2021 | KWA PH ഡിവിഷൻ, ഷൊർണ്ണൂർ |

| | | | | |
|---|---|---|---|---|
| 3 | 316/21-ഒറക്കോട്ട് കുന്ന് വക്കാലക്കാവ് പ്രദേശം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 100000(CFC ഗ്രാന്റ്) | 100000 ബിൽ നം 62/23.2.2021 | KWA PH ഡിവിഷൻ, ഷൊർണ്ണൂർ |
| 4 | 317/21-വെള്ളിനേഴി ചുണ്ടകുന്ന് അങ്കൺവാടി പ്രദേശം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 400000(CFC ഗ്രാന്റ്) | 400000 ബിൽ നം 63/23.2.2021 | KWA PH ഡിവിഷൻ, ഷൊർണ്ണൂർ |
| 5 | 318/21-ചുണ്ടക്കുന്ന് നെല്ലിപ്പറ്റ പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 474200(CFC ഗ്രാന്റ്) | 474200 ബിൽ നം 64/23.2.2021 | KWA PH ഡിവിഷൻ, ഷൊർണ്ണൂർ |

പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.(എൻക്വയറി 6/18.6.22)

## 1-16 പഞ്ചായത്ത് വാഹനം - സർക്കാർ നിർദേശപ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്

ഗ്രാമപഞ്ചയാത്തിന്റെ തനത് ഫണ്ട് ചെലവുകളിൽ വാഹനത്തിന്റെ ഇന്ധനച്ചെലവ്, റിപ്പയർ തുടങ്ങിയ കാര്യങ്ങളുടെ അനുബന്ധ രേഖകൾ പരിശോധിക്കുകയുണ്ടായി. വാഹനം സംബന്ധിച്ച് സൂക്ഷിക്കേണ്ട രേഖകളിൽ ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. റിപ്പയർ മുതലായ കാര്യങ്ങളുടെ വിവരങ്ങൾ കണ്ടിജന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല. സ.ഉ.(എം.എസ്).നം 170/07, ത.സ്വ.ഭ.വ, തിയതി 30.6.2007 , ഉത്തരവിലെ ക്രമ നം 3 ൽ വാഹനം ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും പാലിക്കേണ്ടതായ രജിസ്ററുകളുടെ വിവരങ്ങൾ നിർദേശിച്ചിട്ടുണ്ട്. രേഖകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

(എ)ലോഗ് ബുക്ക്

(ബി)പെട്രോൾ,ഡീസൽ, ഓയിൽ, ഗ്യാസ് മുതലായ കാര്യങ്ങൾക്കുള്ള ഓർഡർ ബുക്ക്

(സി)റിപ്പയർ രജിസ്ററർ

(ഡി)സ്റ്റോക്ക് രജിസ്റ്റർ

(ഇ)ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ

വാഹനപരിപാലനത്തിൽ സർക്കാർ നിർദേശപ്രകാരമുള്ള എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.(എൻക്വയറി 9/20-6-22)

## 1-17 ബിറ്റുമിൻ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള റോഡു പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ ഈ പ്രവൃത്തികയിലും ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ബാരൽ വില പിന്നീട് ഈടാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2020-21

1 കുറവട്ടൂർ കല്ലുംപുറം റോഡ് റീടാറിംഗ്

പ്രോജക്ട് നം-SO/254/21
അടങ്കൽ-1,50,000.00 (MG Road)
കോൺട്രാക്ടർ-കെ.കെ.വേണുഗോപാലൻ
ചെലവ്- 1,50,000.00 ബിൽ നമ്പർ-12/16-04.2020
അളവ്പുസ്തകം-73/19-20

| | | |
|---|---|---|
| അളവ്പുസ്തക പ്രകാരം ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | RS1 110kg | VG 30 110kg |

ടാർ ബാരലിന്റെ എണ്ണം-8
ടാർ ബാരലിന് ഈടാക്കേണ്ട വില-2248
ബാരൽ വിലയിനത്തിൽ ഈടാക്കേണ്ട 2248 രൂപ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (3/17.06.2022)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബിറ്റുമിൻ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. ബിറ്റുമിൻഉപയോഗിച്ചുകൊണ്ടുള്ള റോഡു പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ ഈ പ്രവൃത്തികയിലും ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ബാരൽ വില പിന്നീട് ഈടാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2020-21

1 കുറവട്ടൂർ കല്ലുംപുറം റോഡ് റീടാറിംഗ്
പ്രോജക്ട് നം-SO/254/21
അടങ്കൽ-1,50,000.00 (MG Road)
കോൺട്രാക്ടർ-കെ.കെ.വേണുഗോപാലൻ
ചെലവ്- 1,50,000.00 ബിൽ നമ്പർ-12/16-04.2020
അളവ്പുസ്തകം-73/19-20

| | | |
|---|---|---|
| അളവ്പുസ്തക പ്രകാരം ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | RS1 110kg | VG 30 110kg |

ടാർ ബാരലിന്റെ എണ്ണം-8

ടാർ ബാരലിന് ഈടാക്കേണ്ട വില-2248

ബാരൽ വിലയിനത്തിൽ ഈടാക്കേണ്ട 2248 രൂപ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (3/17.06.2022)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 10.6.2022 20.6.2022 | അനുബന്ധം 1 കാണുക |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 200000 | 14/21 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 16897 | 131/19-മാലിന്യ സംസ്കരണം | 0 | 16897 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 1002854 | സമഗ്ര നെൽകൃഷി വികസനം -157/21 | 590600 | 412254 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 325000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് -166/21 | 0 | 325000 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 500520 | ലൈഫ് പദ്ധതി ജനറൽ-276/21 | 0 | 500520 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 350542 | ലൈഫ് പദ്ധതി SC-278/21 | 0 | 350542 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 325000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് -319/21 | 0 | 325000 |
| | | | | 790600 | |
| ജില്ലാ പഞ്ചായത്ത് | 20-21 | 200000 | 14/21-ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് പഞ്ചായത്ത് | 20-21 | 463560 | സമഗ്ര നെൽകൃഷി വികസനം -157/21 | 463560 | 0 |
| ജില്ലാ പഞ്ചായത്ത് | 20-21 | 150000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് -166/21 | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 20-21 | 160000 | ലൈഫ് പദ്ധതി SC-278/21 | 160000 | 0 |
| ആകെ | | | | 973560 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ. നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.എച്ച്. ഡിവിഷൻ, KWA, ഷൊർണ്ണൂർ | 179/21-മലയരിക് രാജപ്പൻ തൊടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം 61/23.2.2021 | 50000 | 0 | 50000 |
| | 279/21-വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം 66/26.2.2021 | 2015000 | 0 | 2015000 |
| | 316/21-ഒറക്കോട്ട് കുന്ന് വക്കാലക്കാവ് പ്രദേശം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം 62/23.2.2021 | 100000 | 0 | 100000 |
| | 317/21-വെള്ളിനേഴി ചുണ്ടകുന്ന് അങ്കൺവാടി പ്രദേശം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം 63/23.2.2021 | 400000 | 0 | 400000 |
| | 318/21-ചുണ്ടക്കുന്ന് നെല്ലിപ്പറ്റ പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം 64/23.2.2021 | 474200 | 0 | 474200 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| KURDFC ലൈഫ് മിഷൻ | ലഭ്യമല്ല | 0 | 7888824 | 804824 | --- | 7084000 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയി ച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി തീർപ്പു കല്പ്പിച്ചിട്ടില്ല. |
| 2015-16 | 2-1 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി തീർപ്പു കല്പ്പിച്ചിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 514086598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 513774426 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹.2248 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2248 | ശ്രീ . കർണൻ .എം .ആർ, അസി.എഞ്ചിനീയർ |
| ആകെ | | 2248 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗ പ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കർണൻ .എം .ആർ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | കോവിൽപറമ്പ്, മുണ്ടൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ കാര്യാലയത്തിൽ നിന്നും അവസാനം നൽകിയ കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97 വരവ്,ചെലവ് റിപ്പോർട്ട് | നം.കെ.എസ്.എ. പി.കെ.ഡി 12/895/18/4.10.18 (2.05.18 ന് നടന്ന ഓഡിറ്റ് അദാലത്ത്) | 9 |
| 97-98 വരവ് | | 0 |
| 97-98 ചെലവ് | | 11 |
| 98-99 വരവ്,ചെലവ് റിപ്പോർട്ട് | | 5 |
| 99-2000 | | 3 |
| 2000-2001 | | 3 |
| 2001-02 | | 0 |
| 2002-03 | | 4 |
| 2003-04 | | 3 |
| 2004-05 | | 5 |
| 2005-06 | | 7 |
| 2006-07 | | 3 |
| 2007-08 | നം.എൽ.എഫ്.പി.12/1118 /11/29.03.12 | 9 |
| 2008-09 | നം.എൽ.എഫ്.പി.12/1119 /11/10.04.12 | 6 |
| 2009-10 & 2010-11 | നം.എൽ.എഫ്.പി.12/1576 /14/17.10.14 | 7 |
| 2011-12 | നം.കെ.എസ്.എ.പി.കെ.ഡി 12/1788/15/3.11.15 | 15 (ഖ-3.1,3.11 എന്നിവ സർക്കാർ പരിഗണനയിൽ) |
| 2012-13 | നം.കെ.എസ്.എ.പി.കെ.ഡി. 12/1789/15/2.11.15 | 8 |
| 2013-14&2014 | നം.കെ.എസ്.എ.പി.കെ.ഡി. 12/1435/16/26.04.17 | 11 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി. 12/2297/16/6.03.18 | 8 |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി. 12/1344/17/14.03.18 | 9 |
| 2017-18 | നം.കെ.എസ്.എ.പി.കെ.ഡി. | 11 |

| | | |
|---|---|---|
| | 12/317/19/14.10.19 | |
| 2018-19 | നം.കെ.എസ്.എ.പി.കെ.ഡി.12/23 /2020, 19.6.2020 | 22 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി.12/ /2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷിക കണക്കുകൾ സംക്ഷിപ്തം

Balance Sheet

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|---|
| 1 | 310000000 | Panchayat (General) Fund | B-1 | -9528234 |
| 2 | 311000000 | Earmarked Funds | B-2 | 11633 |
| 3 | 312000000 | Reserves | B-3 | 68870335 |
| 4 | 320000000 | Grants, Funds and Contributions for specific purposes | B-4 | 4518728 |
| 5 | 330000000 | Secured Loans | B-5 | 7084000 |
| 6 | 331000000 | Unsecured Loans | B-6 | |
| 7 | 340000000 | Deposits Received | B-7 | 478713 |
| 8 | 341000000 | Deposit works | B-8 | |
| 9 | 350000000 | Other Liabilities | B-9 | 1461075 |
| 10 | 360000000 | Provisions | B-10 | |
| 11 | 410000000 | Fixed Assets | B-11 | 597412 |
| 12 | 412000000 | Capital Work-in-Progress | B-11(b) | 195000 |
| 13 | 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 415809 |
| 14 | 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 29770643 |
| 15 | 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 43176711 |
| 16 | 416000000 | Accumulated Depreciation | B-11(a) | -19033461 |
| 17 | 420000000 | Investment –General Fund | B-12 | |
| 18 | 421000000 | Sundry Debtors # | B-13 | |
| 19 | 430000000 | Stock in Hand (Inventories) | B-14 | |
| 20 | 431000000 | Sundry Debtors (Receivables) | B-15 | 665884 |
| 21 | 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | |
| 22 | 440000000 | Pre-paid Expenses | B-16 | 7084000 |
| 23 | 450000000 | Cash and Bank Balance | B-17 | 9196822 |
| 24 | 460000000 | Loans, advances and deposits | B-18 | 827430 |
| 25 | 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | |
| 26 | 470000000 | Other Assets | B-19 | |
| 27 | 480000000 | Miscellaneous Expenditure to be written off | B-20 | |

Income Expenditure

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|---|
| 1 | 110000000 | Tax Revenue | I-1 | 3434387 |
| 2 | 120000000 | Assigned Revenue & Compensation | I-2 | |
| 3 | 130000000 | Rental Income from Panchayat Properties | I-3 | 1100 |
| 4 | 140000000 | Fees & User Charges | I-4 | 450458 |
| 5 | 150000000 | Sales & Hire Charges | I-5 | 208589 |
| 6 | 160000000 | Revenue Grants, Contributions & Compensation | I-6 | 142593643 |
| 7 | 170000000 | Income from Investments | I-7 | |
| 8 | 171000000 | Interest Earned | I-8 | 212809 |
| 9 | 180000000 | Other Income | I-9 | 575 |
| 10 | 190000000 | Prior Period Income | I-19 | 680411 |
| 11 | 210000000 | Establishment Expenses | I-10 | 7922103 |
| 12 | 220000000 | Administrative Expenses | I-11 | 994742 |
| 13 | 230000000 | Operations & Maintenance | I-12 | 1553024 |
| 14 | 240000000 | Interest & Finance Charges | I-13 | 14293 |
| 15 | 250000000 | Decentralised Plan Programme - Productive Sector | I-14 | 6929984 |
| 16 | 251000000 | Decentralised Plan Programme - Service Sector | I-14(A) | 17120388 |
| 17 | 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 16795062 |
| 18 | 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | |
| 19 | 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 57469107 |
| 20 | 255000000 | Maintenance Projects | I-14(E) | |
| 21 | 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 30563399 |
| 22 | 260000000 | Grants, Contributions and Compensations from Own Fund | I-15 | |
| 23 | 270000000 | Provisions & Write off | I-16 | |
| 24 | 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | |
| 25 | 272000000 | Depreciation | I-17(A) | 4096981 |
| 26 | 290000000 | Prior Period Expenditure | I-18 | -1385666 |
| Gross Surplus / (deficit) of income over expenditure : | | | | 2762067 |

Receipts & Payments

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) | Section |
|---|---|---|---|---|---|
| 1 | 450000000 | Cash and Bank balance | RP-40(a) | 8884650 | OB |
| 2 | 110000000 | Tax Revenue | RP-1 | 866610 | Receipts |
| 3 | 180000000 | Other Income | RP-10 | 575 | Receipts |
| 4 | 190000000 | Prior Period Income | RP-11 | 8176 | Receipts |
| 5 | 220000000 | Administrative Expenses | RP-13 | 1026 | Receipts |
| 6 | 311000000 | Earmarked Funds | RP-28 | 5746 | Receipts |
| 7 | 130000000 | Head 3 | RP-3 | 1100 | Receipts |
| 8 | 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 6332452 | Receipts |
| 9 | 340000000 | Deposits Received | RP-33 | 365787 | Receipts |
| 10 | 350000000 | Other Liabilities | RP-35 | 229344 | Receipts |
| 11 | 140000000 | Fees & User Charges | RP-4 | 342998 | Receipts |
| 12 | 431000000 | Sundry Debtors (Receivables) | RP-45 | 2600849 | Receipts |
| 13 | 460000000 | Loans, Advances and Deposits | RP-49 | 3000 | Receipts |
| 14 | 150000000 | Sale & Hire Charges | RP-5 | 208589 | Receipts |
| 15 | 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52254852 | Receipts |
| 16 | 171000000 | Interest Earned | RP-9 | 212809 | Receipts |
| 17 | 190000000 | Prior Period Income | RP-11 | -327002 | Payments |
| 18 | 210000000 | Establishment Expenses | RP-12 | 1484778 | Payments |
| 19 | 220000000 | Administrative Expenses | RP-13 | 309022 | Payments |
| 20 | 230000000 | Operations & Maintenance | RP-14 | 938658 | Payments |
| 21 | 240000000 | Interest & Finance Charges | RP-15 | 6762 | Payments |
| 22 | 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 8483520 | Payments |
| 23 | 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 12008670 | Payments |
| 24 | 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 16403075 | Payments |
| 25 | 254000000 | State Sponsored Schemes | RP-19 | 293400 | Payments |
| 26 | 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 663867 | Payments |
| 27 | 290000000 | Prior Period Item | RP-25 | 131391 | Payments |
| 28 | 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 130801 | Payments |
| 29 | 340000000 | Deposits Received | RP-33 | 345646 | Payments |
| 30 | 350000000 | Other Liabilities | RP-35 | 13793063 | Payments |
| 31 | 412000000 | Capital Work In Progress | RP-39 | 1133220 | Payments |
| 32 | 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 100000 | Payments |
| 33 | 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 3604367 | Payments |
| 34 | 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 2579564 | Payments |
| 35 | 460000000 | Loans, Advances and Deposits | RP-49 | 770579 | Payments |
| 36 | 470000000 | Other Assets | RP-50 | 268360 | Payments |
| 37 | 450000000 | Cash and Bank balance | RP-40(b) | 9196822 | CB |
| Total | | | | | 0 |

ഡെപ്യൂട്ടി ഡയറക്ടർ